(സി) ഉണ്ട്.

(ഡി) സംസ്ഥാനത്തൊട്ടാകെയുള്ള പ്രാഥമിക സഹകരണ സംഘങ്ങളുടെ കുടിശ്ശിക ആഡിറ്റ് 30-9-2004-നകം തീർക്കത്തക്ക വിധത്തിൽ ഒരു തീവ്രയജ്ഞ പരിപാടി നടപ്പാക്കി വരുന്നു. ആഡിറ്റ് പുരോഗതി, സഹകര വകുപ്പുമന്ത്രി തന്നെ കാലാകാലങ്ങളിൽ അവലോകനം ചെയ്ത് കുടിശ്ശിക തീർക്കാൻ നിർദ്ദേശിക്കുന്നുണ്ട്. സംഘങ്ങൾ കണക്കുകൾ ആഡിറ്റിംഗിനായി സമർപ്പിക്കുന്നതിനും, സമകാല ഓഡിറ്റർമാർ ദീർഘ കാലാവധിയിൽ പ്രവേശിക്കുന്നതിന് മുമ്പ്, ചെയ്തുതീർത്ത ജോലികൾ സംബന്ധിച്ച് രജിസ്ട്രാർക്ക് റിപ്പോർട്ട് സമർപ്പിക്കുന്നതിനും, കമ്പ്യൂട്ടറിൽ നിന്നു ലഭിക്കുന്ന സ്റ്റേറ്റുമെന്റുകൾ ഓഡിറ്റിനായി സ്വീകരിക്കുന്നതിനും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

രജിസ്റ്റർ ചെയ്ത സഹകരണ സ്ഥാപനങ്ങൾ

137 [591] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ രജിസ്ട്രാർ ഇതിനകം രജിസ്റ്റർ ചെയ്ത മൊത്തം സഹകരണ സ്ഥാപനങ്ങളുടെ എണ്ണം സംഘങ്ങളുടെ കാറ്റഗറി അടിസ്ഥാനത്തിൽ ജില്ല തിരിച്ച് നൽകാമോ;

(ബി) ഇതിൽ ഇപ്പോഴും പ്രവർത്തനരഹിതമായിട്ടുള്ളവയിൽ ലിക്വിഡേഷൻ നടപടികൾ ആരംഭിച്ചിട്ടുള്ളവ എത്രയെന്നും, ലിക്വിഡേറ്റ് ചെയ്തവ എത്രയെന്നും വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്താകെ 12,827 സഹകരണ സ്ഥാപനങ്ങൾ സഹകരണ സംഘം രജിസ്ട്രാറുടെ രേണത്തിൻ കീഴിൽ രജിസ്റ്റർ ചെയ്തു പ്രവർത്തനം നടത്തിവരുന്നു. ഇത് കൂടാതെ പത്ത് അപ്പക്സ് സഹകരണ സംഘങ്ങളും പ്രവർത്തിച്ചുവരുന്നു. കാറ്റഗറി അടിസ്ഥാനത്തിൽ ജില്ല തിരിച്ചുള്ള സംഘങ്ങളുടെ എണ്ണം അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ബി) സംസ്ഥാനത്താകെ 692 സഹകരണ സ്ഥാപനങ്ങൾ 31-3-2004-ൽ ലിക്വിഡേഷൻ നടപടികൾക്ക് വിധേയമായി ബാക്കി നിൽക്കുന്നു. നാളിതുവരെ സംസ്ഥാനത്താകെ 1,028 സഹകരണ സംഘങ്ങൾ സമാപ്തീകരണം നടത്തിയിട്ടുണ്ട്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly